ആ ലൈസൻസ് പുതുക്കിയ അവസരത്തിൽ തന്നെ മലിനീകരണമുണ്ടെന്നുള്ള പരാതി കിട്ടി, അതിനെകുറിച്ചു. അന്വേഷിച്ച് പരിശോധനയിൽനിന്ന്, ബോർഡ് നിർദ്ദേശിച്ചതിനേക്കാൾ കൂടുതൽ മലിനീകരണമുണ്ടെന്ന് മനസ്സിലായിരിക്കുകയാണ്. അതുസംബന്ധിച്ച് കമ്പനിക്ക് നോട്ടീസ് കെടുത്തിരിക്കുകയാണ്. ആവശ്യമായ നടപടി സ്വീകരിക്കാൻ പറഞ്ഞിട്ടുണ്ട്. ഏതായാലും ശരി ജലമലിനീകരണ നിയന്ത്രണബോർഡ് ഇക്കാര്യത്തിൽ സത്വരമായ നടപടി സ്വീകരിക്കുന്നുണ്ട്. തീർച്ചയായും ആ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യത്തിന് ദോഷം തട്ടാൻ അനുവദിക്കാത്ത നിലയിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

IV. സബ്മിഷൻ

(1) വിഷവാതക ചോർച്ചമൂലം ഏലൂരിലും പരിസരപ്രദേശങ്ങളിലുമുണ്ടായിട്ടുള്ള ഗുരുതരാവസ്ഥ

ശ്രീ. കെ. മുഹമ്മദാലി: സർ, കേരളത്തിലെ വ്യവസായമേഖലയിലെ ഏലൂർപ്രദേശത്തേയും പരിസരങ്ങളിലെയും ജനങ്ങളെ യഥാർത്ഥത്തിൽ, അക്ഷരാർത്ഥത്തിൽതന്നെ നടുക്കിയ സംഭവവികാസമാണ് കഴിഞ്ഞ വെള്ളിയാഴ്ച നടന്ന വിഷവാതകചോർച്ച. ഏകദേശം ഇരുനൂറ്റി അൻപതോളം പിഞ്ചുകുട്ടികളും ഉൾപ്പെടെയുള്ള ആളുകളെ വിവിധ ആശുപത്രികളിലായി പ്രവേശിപ്പിച്ചിരിക്കുകയായിരുന്നു. എച്ച്. ഐ. എൽ. വ്യവസായസ്ഥാപനത്തിൽ കീട നാശിനി ഉണ്ടാക്കാൻ വേണ്ടി പുറത്തുനിന്നും ഇറക്കുമതി ചെയ്തുകൊണ്ടുവന്ന എച്ച്. സി. സി. പി. എന്നുപറയുന്ന മാരകമായ വിഷദ്രാവകം കൊണ്ടുവന്ന ലോറിയിൽനിന്നുണ്ടായ വീപ്പ ചോർന്നാണ് ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടായത്. വഴിയ്ക്കുവെച്ച് ചോർച്ച ഉണ്ടായിട്ടും അത് നിർവീര്യമാക്കുവാനുള്ള നടപടി സ്വീകരിക്കാതെ വീണ്ടും ഫാക്ടറിയിലേക്ക് അത് കൊണ്ടുപോകാൻ ശ്രമിച്ചതാണ് ഗുരുതരമായ ഈ സ്ഥിതി ഉണ്ടാകാൻ കാരണം. ഫാക്ടറിയിൽ കൊണ്ടുവന്നിട്ട് തന്നെ ഒന്നരമണിക്കൂറോളം ഫാക്ടറി ഗേറ്റിനു പുറത്ത് നിരുത്തരവാദപരമായ നിലയിൽ ലോറി പാർക്ക് ചെയ്തത് വളരെ ഗുരുതരമായ സ്ഥിതിയാണ് അവിടെ ഉണ്ടാക്കിയത്. മാനേജ്മെൻറ് അത് നീർവ്വീര്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാതെ, കമ്പനിക്ക് അകത്ത് കയറ്റിവിടാതെ റോഡിൽ പാർക്ക് ചെയ്ത സാഹചര്യത്തെകുറിച്ച് ഗൗരവമായി അന്വേഷിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംഭവമറിഞ്ഞ് അടിയന്തിരമായി അവിടെ ഓടിയെത്തുകയും ഭീതിപൂണ്ടുനിന്ന ജനങ്ങൾക്ക് ആശ്വാസം പകർന്നുകൊടുക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തതിൽ അവിടെയുള്ള ആളുകൾ അങ്ങേയറ്റം കൃതജ്ഞരാണ്. എങ്കിൽ തന്നെയും ഏലൂർ മേഖല ഭോപ്പാലായി മാറുമോയെന്ന് ജനങ്ങൾ സംശയിക്കുകയാണ്. അവിടെയുള്ള തൊഴിലാളികളും ജനങ്ങളും ഭീതിയുടെ നിഴലിലാണ്. വ്യവസായസ്ഥാപനത്തിൽ വിഷദ്രാവകവും വിഷവാതകങ്ങളും കൈകാര്യം ചെയ്യുന്ന കാര്യത്തിൽ അങ്ങേയറ്റം നിരുത്തരവാദപരമായി, ലാഘവത്തോടുകൂടിയുള്ള ഒരു സമീപനമാണ് വ്യവസായ മാനേജ്മെൻറുകളുടെ ഭാഗത്തുനിന്നും ഉണ്ടായികൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പല പ്ലാൻറുകളും സന്ദർശിക്കുകയുണ്ടായി. അവിടെ തൊഴിലാളികൾക്ക് വേണ്ടസേഫ്റ്റിമെഷേഴ്സും മറ്റും ശരിയായ

LIBRARY ARCHIVES Kerala Legislative Assembly

രീതിയിൽ നൽകുന്നില്ല എന്നുള്ളകാര്യം അദ്ദേഹത്തിന് നേരിട്ട്കണ്ട് ബോദ്ധ്യമായിട്ടുണ്ട്. വിഷദ്രാവകങ്ങളും കൈകാര്യം ചെയ്യുന്ന, വിഷ വസ്തുക്കളും കൈകാര്യം ചെയ്യുന്ന, മാരകമായ, ജീവഹാനി ഉണ്ടാകാൻ സാദ്ധ്യതയുള്ള വിഷവസ്തുക്കളും കൈകര്യം ചെയ്യുന്ന മേഖലയിൽ, ആവശ്യമായ രക്ഷാ ഏർപ്പാടുകളും നടത്തുന്ന കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് ഈ വ്യവസായസ്ഥാപനത്തിൽ കഴിഞ്ഞ കുറേക്കാല മായി തുടർന്നുവരുന്നത്. ഈ കമ്പനിയിൽത്തന്നെ 1979-ൽ ക്ലോറിൻ വാതക പൈപ്പ് പൊട്ടി ഉണ്ടായ ഭീതിയുടെ പശ്ചാത്തലം നിലനിൽക്കുകയാണ്. അവിടെ ഓരോ ദിവസം ചെല്ലുംതോറും ജനങ്ങൾ ഭീതിയുടെ നിഴലിലാണ്. ഈ വ്യവസായമേഖലയെ സംബന്ധിച്ചിടത്തോളം, ഇന്ന് അവിടെ ജീവിക്കുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം അനാരോഗ്യകരമായി, എല്ലാവിധ മാരകമായ രോഗങ്ങളും ബാധിച്ച് ഗുരുതരമായ അവസ്ഥാവിശേഷം നിലനിൽക്കുന്ന സാഹചര്യത്തിൽ മാനേജ്മെൻറിന്റെ തൊഴിലായ നടപടിമൂലം, ശരിയായരീതിയിലുള്ള സംരക്ഷണ ഏർപ്പാടുകളും ചെയ്യാത്തതുമൂലമാണ് ഇത്തരത്തിലുള്ള സംഭവങ്ങളും ഉണ്ടാകുന്നത്. ലോറിയിൽ പൊണ്ടുവരുന്നത് മാരകമായവിഷ മാണെന്ന് അറിയാമായിരുന്നു; ആ സ്ഥിതിക്ക് ഇക്കാര്യം കൈകാര്യം ചെയ്യാൻ കഴിയുന്ന ഒരു സാങ്കേതികവിദഗ്ദ്ധൻ ഈ വാഹനത്തോടൊപ്പം യാത്ര ചെയ്യേണ്ടതായിരുന്നു; ഇത് നിർവീര്യമാക്കാനുള്ള നടപടി സ്വീകരി ക്കേണ്ടതായിരുന്നു. അത് ചെയ്യാതെ വളരെ ലാഘവത്തോടുകൂടിയുള്ള ഒരു സമീപനമാണ് ഇക്കാര്യത്തിൽ വ്യവസായ മാനേജ്മെൻറ് കാണിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് മനസ്സിലാക്കിയ കാര്യമാണ്. എങ്കിലും എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്, ഇതുപോലുള്ള വ്യവസായ സ്ഥാപനങ്ങളും തൽക്കാലം പൂട്ടിയിട്ടാണെങ്കിലും ആവശ്യമായ രക്ഷാനടപടി കളും ഫലപ്രദമായി നടപ്പിലാക്കുമെന്ന് ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ, അതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചതിനുശേഷം മാത്രം പ്രവർത്തിപ്പിക്കാവൂ. അതോടൊപ്പം ഏലൂർ വ്യവസായമേഖലയിലുണ്ടായ സംഭവവികാസത്തെക്കുറിച്ച് വിശദമായ അന്വേഷണം ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. പിഞ്ചു കുട്ടികളും ഉൾപ്പെടെയുള്ള ആളുകളാണ് ഈ വിഷവാതകമേറ്റ് ആശുപത്രി യിൽകിടന്നത്. മെഡിക്കൽകോളേജിൽനിന്നും വന്ന വിദഗ്ദ്ധൻമാർ പറയു ന്നത്, തൽക്കാലം ആശ്വാസമുണ്ടായിട്ടുണ്ടെങ്കിൽത്തന്നെയും ഭാവിയിൽ, എന്ത്, ഏത് രൂപത്തിലുള്ള കുഴപ്പം സംഭവിക്കുമെന്ന് പറയാൻസാധിക്കുക യില്ലായെന്നാണ്. അതുകൊണ്ട് വിശദമായപരിശോധന അവർക്ക് ആവശ്യ മായിരിക്കുന്നു. സ്കൂളിൽ പോകുന്ന കൊച്ചുകുട്ടികളാണ്. അവർക്കാവശ്യ മായ സഹായം നൽകാനും, ഇക്കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കാതെ ആശുപത്രിയിൽനിന്ന് ഡിസ്ചാർജ് ചെയ്തുപോയിട്ടുള്ള ആളുകളുടെ കാര്യത്തിൽ കൂടുതൽ വൈദ്യസഹായം നൽകാനുമുള്ള എല്ലാതരത്തിലുള്ള നടപടികളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രത്യേകമായ താൽപര്യ ത്തോടുകൂടി ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 13-ാം തീയതി ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡ് എന്ന സ്ഥാപന ത്തിലേക്ക് കൊണ്ടുവന്ന വാതകം വഴിയിൽവെച്ച് ലീക്കായി. അതു തുടർന്നുണ്ടായിട്ടുള്ള സ്ഥിതിയെക്കുറിച്ച് ആ പ്രദേശങ്ങളിലും പരി സരങ്ങളിലും മാത്രമല്ല സ്റ്റേറ്റിലെ ജനങ്ങളിൽ ആകെത്തന്നെ ഉൽക്കണ്ഠയുണ്ടായിട്ടുണ്ട്. 13-ാം തീയതിയാണ് ഈ സംഭവമുണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രദേശം മുഴുവനും ബോംബെവരെ കപ്പലിലാണ് കൊണ്ടുവരുന്നത്. ബോംബെയിൽനിന്ന് ലോറിയിലാണ് കൊണ്ടുവരുന്നത്. ഏതാണ്ട് 302 ടാങ്കുകളാണ് ലോറിയിൽ കൊണ്ടുവന്നത്. അങ്കമാലിക്കടുത്തെത്തിയപ്പോഴാണ് ലീക്കുണ്ടെന്ന സംശയം ഡ്രൈവർക്കുണ്ടായത്. അപ്പോൾ ചെയ്യേണ്ടിയിരുന്നത് ലോറി അവിടെനിറുത്തി കേടുവന്ന ബാരൽ കുഴിച്ചിടുകയോ മറ്റോ ചെയ്തു ബാക്കി കൊണ്ടുവരേണ്ടതായിരുന്നു. എന്തായാലും ലോറി ഓടിച്ചുകൊണ്ടുവരികയാണ് ചെയ്തത്. ഓടിച്ചുകൊണ്ടുവന്നതിന്റെ ഫലമായി വഴിയിലുണ്ടായിരുന്ന ആളുകൾക്ക്, വിശേഷിച്ച് ഇതിന്റെ പുറകിൽ വിദ്യാർത്ഥികളുടെ ഒരു ബസ്സുണ്ടായിരുന്നു. ആ ബസ്സിലുണ്ടായിരുന്ന വിദ്യാർത്ഥികളുൾപ്പെടെ വഴിയിലുണ്ടായിരുന്ന ആളുകൾക്ക് പെട്ടെന്ന് ശ്വാസംമുട്ടൽ ബാധിക്കുകയും ഉടനെ ചിലർക്ക് കണ്ണുപുകച്ചിൽ, നെഞ്ചിടിപ്പ് തുടങ്ങിയ അസുഖങ്ങൾ ഉണ്ടാവുകയുംചെയ്തു. ഉടൻതന്നെ അവരെയെല്ലാം ആശുപത്രിയിൽ എത്തിച്ചു. അവരിൽ കുറെ ആളുകളെ ആശുപത്രിയിൽനിന്ന് അയച്ചുവെങ്കിലും 24-ഓളം ആളുകൾ ഇപ്പോഴും ആശുപത്രിയിലുണ്ട്. ഈ സംഭവത്തെക്കുറിച്ച് വിശദമായി അന്വേഷിക്കേണ്ടതുണ്ട്. കാരണം ഏലൂർ മാത്രമല്ല, എറണാകുളം മേഖല ആകെത്തന്നെ അപകടകരമായ വസ്തുക്കൾ കൈകാര്യം ചെയ്യുന്ന മേഖലയായതുകൊണ്ട്, ആ പ്രദേശത്തെ മാത്രമല്ല, സംസ്ഥാനത്തെ ജനങ്ങൾക്ക് ആകെത്തന്നെ ഉൽക്കണ്ഠ ഉണ്ടാകുന്നത് സ്വാഭാവികമാണ്. വിശേഷിച്ചും ഭോപ്പാൽ ദുരന്തത്തിനുശേഷം ഈ ഭീതി എപ്പോഴും നിലനിൽക്കുന്നുണ്ട്. ഏലൂർസംഭവം നടന്ന ഉടനെത്തന്നെ ഞാൻ ആ ഫാക്ടറി സന്ദർശിച്ചു. അവിടെച്ചെന്നുനോക്കിയാൽ, അവിടത്തെ ജീവനക്കാർ അവിടെ കഴിച്ചുകൂട്ടുന്ന കാര്യത്തിൽ വളരെയധികം പ്രയാസം തോന്നാവുന്നതാണ്. ചില നിയന്ത്രണങ്ങളൊക്കെയുണ്ട്. ചില ഉപകരണങ്ങൾ ധരിക്കണമെന്നുണ്ട്. ഞാൻ അവിടെച്ചെന്നുനോക്കുമ്പോൾ അങ്ങനെയുള്ള ഉപകരണങ്ങളൊന്നും ധരിച്ചുകണ്ടില്ല. മാനേജുമെന്റിനോട് ചോദിച്ചപ്പോൾ ഞങ്ങൾ എല്ലാം സപ്ലൈ ചെയ്തിട്ടുണ്ടെന്നു പറഞ്ഞു. സപ്ലൈ ചെയ്ത സാധനങ്ങളെല്ലാം സ്റ്റോറിൽവെച്ച് പൂ[illegible]യെന്ന് അവരോടുചോദിച്ചു. എന്തായാലും ഉപയോഗിച്ചിട്ടില്ല എന്നുള്ളതാണ് സത്യം. ഗൗരവതരമായ സ്ഥിതി മനസ്സിലാക്കിക്കൊണ്ട് ആവശ്യമായ നടപടികൾ എടുക്കുന്നതാണ്. ഇതിന്റെ വിവരം കിട്ടിയ ഉടനെത്തന്നെ മാനേജിംഗ് ഡയറക്ടർ ഡൽഹിയിൽനിന്ന് എത്തിയിട്ടുണ്ട്. ജനറൽ മാനേജരെ വിളിച്ച് വിശദമായി സംസാരിച്ചു. ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമോ അതെല്ലാം സ്വീകരിക്കാമെന്ന് മാനേജിംഗ് ഡയറക്ടർ ഏറ്റിരിക്കുകയാണ്. പക്ഷേ അവരുടെമാത്രം തീരുമാനത്തിന് വിട്ടുകൊടുക്കാൻ സാദ്ധ്യമല്ല. ആശുപത്രിയിൽക്കിടക്കുന്ന കുട്ടികളെസംബന്ധിച്ചിടത്തോളം ഇപ്പോൾ ഭയാശങ്കക്ക് അവകാശമില്ല. ഡോക്ടർമാരും നേഴ്സുമാരും വളരെയധികം കാര്യമായി ശ്രദ്ധിച്ചിട്ടുണ്ട്. പക്ഷേ കുട്ടികളോട് സംസാരിച്ചതിൽനിന്ന് എനിക്ക് ഒരുകാര്യം മനസ്സിലാക്കാൻ സാധിച്ചു. അതായത് വന്ന ദിവസമുള്ള സ്ഥിതിയല്ല അടുത്ത ദിവസം. ചിലർക്ക് സുഖപ്പെട്ടിട്ടുണ്ടെങ്കിൽ ചിലർക്ക് വേറെ ചില ഡെവലപ്മെന്റ്സ് ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ഉടനെത്തന്നെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്ന് മൂന്ന് വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങുന്ന ഒരു സംഘത്തെ അങ്ങോട്ട് അയച്ചിട്ടുണ്ട്. ഡയറക്ടർ ഓഫ് മെഡിസിൻ ഡോക്ടർ കൃഷ്ണദാസ്, ഡയറക്ടർ ഓഫ് ചെസ്റ്റ് ഡിസീസ് ഡോക്ടർ രവീന്ദ്രൻ, ഡയറക്ടർ

LIBRARY ARCHIVES Kerala Legislative Assembly

ഓഫ് പീഡിയാട്രിക് ഡോക്ടർ എൽസി ഫിലിപ്പ് ഇവരെ ആ പ്രദേശത്ത് അയച്ചു. അവർ ഇന്നലെത്തന്നെ പരിശോധിച്ച് തിരിച്ചു വന്ന് റിപ്പോർട്ട് സബ്മിറ്റ് ചെയ്തിട്ടുണ്ട്. തൽക്കാലം ആശങ്കയൊന്നുമില്ലെങ്കിലും നാളെ എന്തുണ്ടാകുമെന്ന് ആശങ്കയുണ്ട്. ചില ഡെവലപ്പ്മെൻറ്സുണ്ട്. പക്ഷെ അവരുടെ റിപ്പോർട്ടുകളിൽ വളരെ അപകടകരമായ സ്ഥിതിവിശേഷമൊന്നുമില്ലായെന്നാണ് പറഞ്ഞിട്ടുള്ളത്. 10 a. m.] പോയ ഡോക്ടർമാർ തിരിച്ചുവന്നു. എത്രദിവസം വേണ്ടി വന്നാലുംശരി രോഗബാധയിൽനിന്ന് പരിപൂർണ്ണമായി മോചിതരാകുന്നതുവരെ അവർക്കാവശ്യമായ ശുശ്രൂഷക്കുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. എന്ത് ചെലവുവന്നാലുംശരി ആവശ്യമായതെല്ലാം ചെയ്യണമെന്ന് കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. മാനേജിംഗ് ഡയറക്ടറും കമ്പനിയും ആവശ്യമായ എല്ലാ നടപടികളും ഇക്കാര്യത്തിൽ സ്വീകരിക്കാമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഇനിയും എന്തെങ്കിലും ചെയ്യാനുണ്ടെങ്കിൽ ചെയ്യാൻ ഗവൺമെൻറ് തയ്യാറാണ്.

ആ സ്ഥലത്തെ ബഹുമാനപ്പെട്ട മെമ്പർ മുഹമ്മദാലി അവിടെ ഉണ്ടായിരുന്നു. ഞങ്ങളും ഈ പ്രദേശങ്ങളെല്ലാം സന്ദർശിച്ചു. ആ സമയത്ത് ആ പ്രദേശത്തെ ആളുകൾക്ക് ഭീതിയിൽനിന്ന് തൽക്കാലം ഒരു ആശ്വാസമുണ്ട്. എങ്കിലും ഞാൻ സൂചിപ്പിച്ചതുപോലെ ആ പ്രദേശത്തുണ്ടാകാവുന്ന അപകടങ്ങൾ ഒരുപക്ഷെ നിയന്ത്രിക്കാൻ സാധിക്കുന്ന നിലയിലാണെങ്കിലും നാളെ [illegible]തുസംഭവിക്കുമെന്നുള്ള കാര്യത്തിലുൽക്കണ്ഠയുണ്ട്. അതുകൊണ്ട് ഈ പ്രദേശത്തെ സംബന്ധിച്ചിടത്തോളം എന്തെല്ലാം കരുതൽ നടപടികൾ സ്വീകരിക്കണമെന്ന കാര്യത്തെക്കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടിയും ഈ സംഭവത്തിന്റെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനുവേണ്ടിയും ഒരു റവന്യൂബോർഡ് അംഗത്തെയും വിദഗ്ദ്ധനായ ഒരു കെമിക്കൽ എഞ്ചിനീയറെയും നിയമിക്കുന്നതാണ്. അവർ വിശദമായ വിവരങ്ങൾ അന്വേഷിക്കുന്നതാണ്. കഴിഞ്ഞകാലങ്ങളിലുണ്ടായ സംഭവത്തിൽ ഉത്തരവാദികളായവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഭാവിയിൽ ഇത് ഉണ്ടാകാതിരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതുമുണ്ട്. അതിന് ഗവൺമെൻറ് എല്ലാനടപടികളും സ്വീകരിക്കും. യാതൊരു ഉൽക്കണ്ഠക്കും അവകാശമില്ലെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

(ii) റബർ കൃഷിക്കുള്ള സബ്സിഡി പുനരാരംഭിക്കൽ

ശ്രീ. പി. സി. ജോർജ്: സർ, ഇന്ത്യയിൽ ഏറ്റവുമധികം റബർ ഉൽപ്പാദിപ്പിക്കുന്ന കേരളത്തിലെ റബർ കൃഷിക്കാരോട് നമ്മുടെ റബർ ബോർഡിന്റെ സമീപനം നല്ല നിലയിലാണോയെന്ന് എനിക്ക് സംശയമുണ്ട്. 1974 മുതൽ 1980 വരെ റബർ റീപ്ലാന്റ് ചെയ്യുന്നതിന് റബർ കൃഷിക്കാർക്ക് 7,500 രൂപ സബ്സിഡി ഉണ്ടായിരുന്നു. 1980 മുതൽ 1984 വരെയായപ്പോൾ അത് 5,000 രൂപയായി ചുരുങ്ങി. 1985 ആയപ്പോൾ സബ്സിഡി ഇല്ലായെന്നനിലയിലായി. കഴിഞ്ഞ ഏഴുമാസക്കാലമായി സബ്സിഡിക്കുവേണ്ടി കേരളത്തിലെ റബർകൃഷിക്കാർ നൽകിയ അപേക്ഷകൾമുഴുവൻ കെട്ടിവെച്ചിരിക്കുകയാണ്. ഒരു പൈസപോലും സബ്സിഡി കൊടുക്കുകയില്ലെന്നുള്ള നിലപാടാണ് ബോർഡ് എടുത്തിരിക്കുന്നത്. അതുപോലെത്തന്നെ റബർബോർഡ് സ്പ്രേക്ക് സബ്സിഡി കൊടുത്തിരുന്നു. അതും പൂർണ്ണമായും

LIBRARY ARCHIVES Kerala Legislative Assembly